## പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

10.08.2017-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1168

# സർക്കാർ സ്കൂളുകളിലെ നിലവാരം ഉയർത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്കൂളുകളെ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭൗതികമായും അക്കാദമികമായും കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി മുഖേന നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മെച്ചപ്പെട്ട ഐ.ടി. പശ്ചാത്തല സൗകര്യവും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുന്നതോടൊപ്പം അധ്യാപകർക്കും ജീവനക്കാർക്കും ഡിജിറ്റൽ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പഠനബോധന പ്രവർത്തനങ്ങൾ ആയാസ രഹിതവും രസകരവുമാക്കുന്നതിന് ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം, അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾക്ക് സഹായകമായ വിവിധ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നാല്പത്തയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി. ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് |

അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കി. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്കുപരിയായുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേയ്ക്ക് ഉപകരണ വിതരണവും മറ്റു പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കും. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമീകേതര /പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഭൗതികവും അക്കാദമികവുമായ മാറ്റങ്ങളിൽ പ്രധാന പങ്ക് അദ്ധ്യാപകർ വഹിക്കുന്നുണ്ട്. അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി മുഴുവൻ അദ്ധ്യാപകർക്കും കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മതിയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ on site supporting സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) സാധാരണ നിലവാരത്തിൽ നിന്നുവരുന്ന കുട്ടികളെ എല്ലാ മേഖലകളിലും മത്സര യോഗ്യരാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദ വിവരം നൽകുമോ ; | (ബി) കുട്ടികളിൽ അടിസ്ഥാന നൈപുണ്യം ഉറപ്പുവരുത്തുന്നതിനും പഠന സന്നദ്ധത സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ലോകത്ത് എവിടെയുമുള്ള സമപ്രായക്കാരായ കുട്ടികൾക്കൊപ്പം അറിവും കഴിവും നേടാൻ കേരളത്തിലെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി എസ്.എസ്.എ. മുഖേന 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം', 'ശാസ്ത്രോത്സവം', 'ഗണിതോത്സവം' തുടങ്ങിയ വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കാലോചിതമായ പഠന നിലവാരം ഉറപ്പുവരുത്തുന്നതിനായി പാഠ്യപദ്ധതിയിൽ ഐസിറ്റി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. |
| (സി) കെ വി പി വൈ, ടാലന്റ് സെർച്ച് തുടങ്ങിയ പരീക്ഷകളിൽ സർക്കാർ സ്കൂളുകളിലെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) പഠന സന്നദ്ധതയും മികവുകളും ശക്തിപ്പെടുത്തിക്കൊണ്ട് ഏത് മത്സര പരീക്ഷയും നേരിടാനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി രൂപപ്പെടുത്തിയിട്ടുള്ള കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി എല്ലാവിധത്തിലുള്ള അറിവുകളും കഴിവുകളും വളർത്തുന്ന തരത്തിൽ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ